# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2065 07.12.2015-ൽ മറുപടിയ്ക്ക്

### വർഗ്ഗീയ ഭീഷണി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ഡോ. കെ. ടി. ജലീൽ<br>ശ്രീ. എം. ഹംസ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) വർഗ്ഗീയ ഭീഷണികൾ നേരിടുന്നതിൽ സർക്കാർ പരാജയപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) പ്രസ്തുത വിഷയം സംബന്ധിച്ച് മതനിരപേക്ഷതയിലൂന്നിയ നിലപാട് സ്വീകരിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അവ എന്തെല്ലാമായിരുന്നു എന്ന് പരിശോധിക്കുമോ ; | (ബി) വർഗീയ ഭീഷണി സംബന്ധിച്ച് മത നിരപേക്ഷതയിലൂന്നിയ നിലപാട് സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടില്ല. |
| (സി) ജനങ്ങൾ എങ്ങനെ ജീവിക്കണം എന്തു കഴിക്കണം എന്നെല്ലാം വർഗ്ഗീയവാദികൾ കല്പിക്കുന്ന അവസ്ഥയ്ക്ക് അനുകൂലമായ നിലപാട് സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ; | (സി) ജനങ്ങൾ എങ്ങനെ ജീവിക്കണം, എന്തു കഴിക്കണം എന്നെല്ലാം വർഗ്ഗീയവാദികൾ കല്പിക്കുന്ന അവസ്ഥ ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നില്ല. |
| (ഡി) പോലീസ് സംവിധാനം വർഗ്ഗീയ ഭീഷണികൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ടോ ; പോലീസിന്റെ മൃദുസമീപനം വർഗ്ഗീയത വളർത്താൻ ഇടയാക്കുന്നുണ്ടോ ; | (ഡി) കേരള പോലീസ് ഇക്കാര്യത്തിൽ നിയമാനുസരണം ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഇ) സാമുദായിക ഐക്യം തകർക്കുന്ന തരത്തിൽ പ്രസംഗങ്ങൾ ആവർത്തിക്കുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ ? | (ഇ) സാമുദായിക ഐക്യം തകർക്കുന്ന തരത്തിൽ പ്രസംഗങ്ങൾ ആവർത്തിക്കുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ